ഉത്തരം

(എ)&(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ

97(808) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകിയിട്ട് വർഷങ്ങളേറെയായെങ്കിലും ഇതുവരെ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം തന്നെ പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഫയർഫോഴ്സ് വകുപ്പിനു ലഭ്യമായിട്ടില്ല.

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ ഫയർസർവ്വീസ് സ്റ്റേഷൻ

98(809) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ തുടങ്ങുവാൻ തീരുമാനിച്ച ഫയർ സർവ്വീസ് സ്റ്റേഷൻ എപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്നും ആയത് തുടങ്ങുവാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ പുതുതായി ആരംഭിക്കുന്ന ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ഗ്രൗണ്ട് ലെവൽ ജോലി പൂർത്തിയാക്കുകയും രണ്ടാം നിലയുടെ ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്, കെട്ടിടം പണി പൂർത്തിയായാലുടൻ ഫയർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീകാര്യത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

99 (810) ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന് സമീപമുള്ള ശ്രീകാര്യം ജംഗ്ഷനിൽ മിക്കപ്പോഴും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് അത്യാസന്ന നിലയിൽ എത്താനുള്ള രോഗികൾക്ക് പോലും കഷ്ടതകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജംഗ്ഷനിൽ ഇപ്പോഴുള്ള സ്റ്റോപ്പുകൾ കുറച്ചുകൂടി മാറ്റിയും ടാക്സി സ്റ്റാന്റ് കുറച്ചകലെയാക്കിയും ഒരു പരിധിവരെ ഗതാഗതക്കുരുക്ക് മാറ്റുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീകാര്യം ജംഗ്ഷനിൽ സമീപ മാസങ്ങളിൽ ടെലി ഫോൺ ഡിപ്പാർട്ടുമെന്റുകാർ കേബിൾ കുഴിച്ചിടുന്നതിനോടനുബന്ധിച്ചും, വാട്ടർ അതോറിറ്റിക്കാർ പൈപ്പുലൈൻ കുഴിച്ചിടുന്നതിനെ സംബന്ധിച്ചും ഉള്ള പണികൾ നടന്നുവരുന്നതിനാലുംആണ് ജംങ്ഷനിൽ ഗതാഗതതടസ്സം പലപ്പോഴും ഉണ്ടായിട്ടുള്ളത്.

(ബി)&(സി) ഉണ്ട്. കൂടുതൽ ട്രാഫിക് പോലീസുകാരെ വയർലസ് സെറ്റ് സഹിതം ശ്രീകാര്യത്തും ഉള്ളൂരിലും മെഡിക്കൽ കോളെജ് ജംഗ്ഷനിലും നിയോഗിച്ചിട്ടുണ്ട്. ഒരു എസ്.ഐ യെ മോട്ടോർ സൈക്കിളിൽ ഈ സ്ഥലങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. സമീപകാലത്തായി ശ്രീകാര്യം ജംഗ്ഷൻ മുതൽ ചാവടി ജംഗ്ഷൻ ഭാഗത്ത് പൈപ്പ് ലൈൻ ജോലി നടന്നുവരുന്നതിനാൽ തിരുവനന്തപുരത്തേയ്ക്ക് വരുന്ന ബസ്സുകൾ, അത്യാസന്ന നിലയിൽ മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുവരുന്ന രോഗികൾക്ക് ഗതാഗതക്കുരുക്ക് അനുഭവപ്പെടാതിരിക്കത്തക്ക നിലയിൽ മറ്റുവഴികളിൽക്കൂടി തിരിച്ചുവിട്ടിട്ടുണ്ട്. ദീർഘദൂര ബസ്സുകളായ ഡീലക്സ്, സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നീ ബസ്സുകൾ മംഗലാപുരത്തുനിന്നും തിരിഞ്ഞ് പോത്തൻകോട്, ചെമ്പഴന്തി വഴിയും മറ്റു ബസ്സുകൾ കാര്യവട്ടത്തുനിന്നും തിരിഞ്ഞ് ചെങ്കോട്ടുകോണം, ചെമ്പഴന്തി വഴിയും ശ്രീകാര്യത്തെത്തി തിരുവനന്തപുരത്തേയ്ക്ക് പോകാൻ താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രീകാര്യം ജംഗ്ഷനിൽ നിന്നും കഴക്കൂട്ടത്തേയ്ക്കും മറ്റും പോകുന്ന യാത്രക്കാർക്കുള്ള നിലവിലുള്ള ബസ്സ്റ്റോപ്പും മെഡിക്കൽ കോളേജിലും മറ്റും പോകുന്നതിന് നിലവിലുള്ള ബസ്സ്റ്റോപ്പും ജംഗ്ഷന്റെ സ്ഥലപരിധി വച്ചു നോക്കുകയാണെങ്കിൽ ഉചിതമായ സ്ഥലത്താണ് നിലകൊള്ളുന്നത്. പ്രസ്തുത സ്ഥലത്തുനിന്നും ബസ്സ്റ്റോപ്പ് മാറ്റുന്നതിന് സൗകര്യപ്രദമായ സ്ഥലം ലഭ്യമല്ല. അങ്ങനെ ജംഗ്ഷനിൽ നിന്നും വളരെ ദൂരം മാറ്റുന്നപക്ഷം അതു പൊതുജനങ്ങൾക്ക് കൂടുതൽ അസൗകര്യം ഉണ്ടാക്കാൻ ഇടയുണ്ട്. ജംഗ്ഷനിൽ ഇപ്പോഴുള്ള ടാക്സിസ്റ്റാന്റ് വളരെ വർഷങ്ങളായി നിലകൊള്ളുന്നതാണ്. എന്നാൽ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തിയതിന്റെ ഭാഗമായി ഒരേ സമയം തനതു കാറുകൾ മാത്രമേ പാർക്കു ചെയ്തു വരുന്നുള്ളൂ. പ്രസ്തുത വാഹനങ്ങൾകൂടി ജംഗ്ഷനിൽ നിന്നും മാറ്റുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി വരികയാണ്. ശ്രീകാര്യം ചന്തയ്ക്കു സമീപം പാർക്കു ചെയ്തിരുന്ന ലോറികൾ അവിടെ നിന്നും മാറ്റി ട്രാഫിക് ബ്ലോക്ക് ഒഴിവാകുന്ന തരത്തിൽ പാർക്കുചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly